## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** **09-08-2023 - ൽ മറുപടിയ്ക്ക്**

## ആദായ നികുതി നിയമം മൂലം സഹകരണ മേഖലയിലുണ്ടാകുന്ന പ്രത്യാഘാതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ആദായ നികുതി നിയമത്തിൽ 194 എ വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ പ്രാഥമിക സഹകരണ ബാങ്കുകൾ ആദായ നികുതി ഈടാക്കണമെന്ന് നികുതി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യവസ്ഥ പ്രാഥമിക സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; സർക്കാർ ഈ കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | **ആദായ നികുതി നിയമത്തിലെ 194 എ വ്യവസ്ഥകൾ പ്രകാരം 50 കോടി രൂപയ്ക്ക് മുകളിൽ ടേൺഓവർ ഉള്ള ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ പലിശ ഇനത്തിൽ നൽകുന്ന തുകയ്ക്ക് ആദായനികുതി ഈടാക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കായ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ലഭിക്കുന്ന പലിശയ്ക്കും ആദായനികുതി നൽകേണ്ടതായിട്ടുണ്ട്. ആദായനികുതി നിയമത്തിലെ ടി വ്യവസ്ഥ പ്രകാരം ഒരു വർഷം ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളിൽ നിന്നും 40,000/- രൂപയിലധികം പലിശ കൈപ്പറ്റുന്ന സാധാരണ പൗരൻമാരും 50,000/- രൂപയിലധികം പലിശ കൈപ്പറ്റുന്ന മുതിർന്ന പൗരന്മാരും, സഹകരണ സംഘങ്ങളും ആദായനികുതി നൽകേണ്ടതായിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരുഷെഡ്യൂൾഡ് ബാങ്ക് ആയതിനാലും 50 കോടി രൂപയ്ക്ക് മുകളിൽ ഗ്രോസ് റെസീപ്റ്റ് വരുന്നതു കൊണ്ടും വകുപ്പ് 194 എ ബാധകമാണ്. ആയതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് 40000 രൂപയിൽ കൂടുതൽ പലിശ ലഭിക്കുന്ന പക്ഷം പലിശയുടെ 10% TDS പിടിച്ച് നൽകേണ്ടതുണ്ട്. സംഘങ്ങൾക്കും വ്യക്തികൾക്കും ടി വ്യവസ്ഥ ബാധകമാണ്. തന്മൂലം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ നിക്ഷേപകരായ പ്രാഥമിക സംഘങ്ങൾ അവരുടെ നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശയുടെ (40000 രൂപയ്ക്ക് മുകളിൽ ) 10% തുക TDS ആയി നൽകാൻ ബാധ്യസ്ഥരാകും. മാത്രവുമല്ല** |

| | | | |
|---|---|---|---|
| | | | **50 കോടി രൂപ ഗ്രോസ് ഡെപ്പോസിറ്റുള്ള സംഘങ്ങളും അവരുടെ നിക്ഷേപകർക്ക് 40000 രൂപയിൽ കൂടുതൽ പലിശ നൽകിയാൽ 10% TDS പിടിച്ച് ആദായ നികുതി വകുപ്പിന് നൽകാൻ ബാധ്യസ്ഥരാകും. ആദായ നികുതി വകുപ്പിന്റെ ഈ നടപടി പ്രാഥമിക സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന നിരീക്ഷണത്തിൽ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹർജികൾ നൽകുകയും അവ പരിഗണിച്ച് ബഹു.കോടതി സംഘങ്ങൾക്ക് അനുകൂലമായി സ്റ്റേ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകുകയും സെക്ഷൻ 194 എ പ്രകാരമുള്ള ടാക്സ് ഡിഡക്ഷനിൽ നിന്നും ബാങ്കിനെ താത്ക്കാലികമായി ഒഴിവാക്കി ഇടക്കാല ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഹകരണ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾക്കുള്ള പലിശയിൽ നിന്നും ഇപ്പോൾ റ്റി.ഡി.എസ് ഈടാക്കുന്നില്ല.** |
| (ബി) | 194 എ വകുപ്പ് പ്രകാരം റ്റി.ഡി.എസ്. ഈടാക്കണമെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ; പ്രസ്തുത വ്യവസ്ഥ നടപ്പാക്കുന്നത് സംബന്ധിച്ച് സഹകരണ മേഖലയിൽ എന്ത് പ്രതികരണമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | **50 കോടി രൂപയ്ക്ക് മുകളിൽ ടേൺഓവർ ഉള്ള ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ പലിശ ഇനത്തിൽ നൽകുന്ന തുകയ്ക്ക് ആദായനികുതി ഈടാക്കണമെന്ന വ്യവസ്ഥ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ ഈ വ്യവസ്ഥ നടപ്പിലാക്കുന്നത് സംബന്ധിച്ച് സഹകരണ മേഖലയിൽ ആശങ്ക നിലനിൽക്കുന്നുണ്ട്. കേരളത്തിലെ സഹകരണ സംഘങ്ങളിലെ നിക്ഷേപകർ സാധാരണക്കാരായതിനാൽ അവർക്ക് ലഭിക്കുന്ന പലിശയിൽ നിന്നും നികുതി ഈടാക്കുന്നതും പ്രാഥമിക വായ്പാ സംഘങ്ങൾ അവരുടെ നിക്ഷേപങ്ങൾ അവരുടെ ധനകാര്യ ബാങ്കിൽ നിക്ഷേപിക്കുമ്പോൾ ഉളവാകുന്ന പലിശക്ക് നികുതി ഈടാക്കുന്ന സ്ഥിതിവിശേഷവും ടി സ്ഥാപനങ്ങളുടെ വരുമാനത്തെ ദോഷകരമായി ബാധിക്കും.**<br><br>**അതിനാൽ ടി സംഘങ്ങൾ ബഹു.ഹൈക്കോടതിയിൽ ഹർജികൾ നൽകുകയും അവ പരിഗണിച്ച് സ്റ്റേ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകുകയും സെക്ഷൻ 194 എ, പ്രകാരമുള്ള ടാക്സ് ഡിഡക്ഷനിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിനെ താത്ക്കാലികമായി ഒഴിവാക്കി 24.05.2022** |

| | | | |
|---|---|---|---|
| | | | ന് ബഹു.ഹൈക്കോടതി ഒരു ഇടക്കാല സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇടക്കാല വിധി നിലവിലുള്ള സാഹചര്യത്തിൽ സംസ്ഥാന സഹകരണ ബാങ്കിലെ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾക്കുള്ള പലിശയിൽ നിന്നും റ്റി.ഡി.എസ് ഈടാക്കുന്നില്ല. |
| (സി) | സഹകരണ രംഗം ഏറ്റെടുത്തിട്ടുള്ള സാമൂഹ്യ പരിഷ്കരണ പദ്ധതികളെ കേന്ദ്ര നിയമത്തിൽ വന്ന പ്രസ്തുത ഭേദഗതി പ്രതികൂലമായി ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കേന്ദ്ര നിയമത്തിൽ വന്ന പ്രസ്തുത ഭേദഗതി മൂലം സംഘങ്ങളിൽ നിന്നും അധികമായി ഈടാക്കുന്ന TDS, സംഘത്തിന്റെ നഷ്ടത്തിന് കാരണമാകുന്നതിലൂടെ സഹകരണ മേഖല ഏറ്റെടുത്ത് നടത്തുന്ന ക്ഷേമപദ്ധതികളുടെ നടത്തിപ്പിനെ ദോഷകരമായി ബാധിക്കുന്നതാണ്. സഹകരണ സംഘങ്ങൾ അവയുടെ പ്രവർത്തന ലാഭത്തിൽ നിന്നും പണം ചെലവഴിച്ചുകൊണ്ട് സമൂഹത്തിൽ നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ടി പ്രവർത്തനങ്ങളെ ഇത് ദോഷകരമായി ബാധിക്കുന്നതാണ്. കൂടാതെ കാർഷിക മേഖലയിൽ ഉൾപ്പെടെ വായ്പ നൽകുന്ന സഹകരണ സ്ഥാപനങ്ങളെയും ഇത് ദോഷകരമായി ബാധിക്കും. |

സെക്ഷൻ ഓഫീസർ